## 101

സന്തതം വന്ദനമെൻ പരമേ
ശനേയനുവാസരം

1 ഹന്ത! ജീവദയാനിധേ തവ സ്വന്ത സൂനുവിലെന്നുടെ
ബന്ധുതയ്ക്കൊരു മാർഗ്ഗമേകിയ നിൻകൃപയ്ക്കഭിവന്ദനം-

2 ജീവലോകമതിങ്കൽ നിന്നതി ശാപമേറിയ ഭൂതലേ
ജീവപൂർത്തിവരുത്തുവാൻ തവ ദിവ്യസൂനുവെ നൽകി നീ-

3 പാപമേറ്റു വലഞ്ഞലഞ്ഞതിഭാരമാർന്നുഴലുമ്പോഴെൻ
ശാപമാകെയൊഴിച്ച നിൻകൃപ ജീവനായ് വിലസുന്നിതാ-

4 നിൻസുതങ്കലിരുന്ന വൻകൃപ എങ്കലേക്കു പകർന്നു നീ
നിൻസഭാംഗനിലയ്ക്കെനിക്കവകാശമേകിയതോർത്തിതാ-

5 ദേവരാജ്യമനന്തശക്തിയിലീ ജഗത്തിലുദിക്കവേ
ജീവനായകസമ്മുഖം മമ കാണുവാൻ
കൃപ ചെയ്യണേ- **K.V.S.**